II ഇ.ബി. XII- കേരള നിയമസഭ/XVII-2

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഫെബ്രുവരി 8, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

4 (*31) **ബി.പി.എൽ. ലിസ്റ്റ്**

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, കുറ്റമറ്റ രീതിയിൽ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും സർവ്വേ നടത്തുന്നതിന് അദ്ധ്യാപകർക്ക് ചിട്ടയായ പരിശീലനം നൽകിയിരുന്നുവെന്നും സർവ്വേ നടത്തി ശേഖരിച്ച വിവരങ്ങൾ കംപ്യൂട്ടറൈസ് ചെയ്ത് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ പൂർണ്ണമായി ഒഴിവാക്കിയും അർഹരായവരെ പൂർണ്ണമായും ഉൾക്കൊള്ളിച്ചുകൊണ്ടുമുള്ള ലിസ്റ്റ് തയ്യാറാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു. ദരിദ്ര വിഭാഗങ്ങളായി പരിഗണിക്കാൻ അർഹതയില്ലാത്ത കുടുംബങ്ങളെ ഒഴിവാക്കിയ ശേഷം ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടികയിൽനിന്നും കുടുംബത്തിന്റെ ശേഷിക്കുറവിനെ ആധാരമാക്കിയുള്ള

ഒമ്പത് സൂചകങ്ങൾക്ക് ലഭിക്കുന്ന മാർക്കിന്റെയും ഉടമസ്ഥാവകാശങ്ങളെ ആധാരമാക്കിയുള്ള ആറ് സൂചകങ്ങൾക്ക് ലഭിക്കുന്ന മാർക്കിന്റേയും അടിസ്ഥാനത്തിൽ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുക എന്നതായിരുന്നു മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. നഗരപ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും ദരിദ്ര കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ട്. 2002-ൽ ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യ രേഖാ സെൻസസ്സ് നടത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ചിരുന്നു. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസസ്സിലൂടെ കണ്ടെത്തേണ്ട പാവപ്പെട്ട കുടുംബങ്ങളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തുകയും ബി.പി.എൽ കുടുംബങ്ങളുടെ എണ്ണം ഈ സംഖ്യയിൽ കൂടാൻ പാടില്ലെന്ന് കേന്ദ്ര സർക്കാർ നിഷ്ക്കർഷിക്കുകയും ചെയ്തിരുന്നു. കേരളത്തിൽ ഇത് 10.25 ലക്ഷം കുടുംബങ്ങളായി പരിമിതപ്പെടുത്തിക്കൊണ്ട് ഈ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ 10 ലക്ഷം കുടുംബങ്ങൾക്കുള്ള ആനുകൂല്യം മാത്രമേ കേന്ദ്രം തരികയുള്ളുവെന്നും ബാക്കിയുള്ളവർക്ക് സംസ്ഥാന ഗവൺമെന്റാണ് ആനുകൂല്യം നൽകുന്നതെന്നും കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് കേന്ദ്ര മാനദണ്ഡങ്ങൾ പ്രായോഗികമല്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 2002-ൽ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2003 ഏപ്രിൽ-ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് ദാരിദ്ര്യരേഖാ സെൻസ്സസ് നടത്തിയെങ്കിലും അന്തിമ ബി.പി. എൽ. ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി

ഉത്തരവായതിനെത്തുടർന്ന് തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. 2005-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ തടസ്സം നീങ്ങിയെങ്കിലും തുടർനടപടികൾ ഒന്നും സ്വീകരിച്ചിരുന്നില്ല. ഈ ലിസ്റ്റിനെ സംബന്ധിച്ചും നിരവധി പരാതികൾ ഉയർന്നിരുന്നു. 2007-ലാണ് വിട്ടുപോയ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനായി ദാരിദ്ര്യരേഖാ സെൻസ്സസിലൂടെ ശേഖരിച്ച വിവരങ്ങൾ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ സാധുതാ പരിശോധനയ്ക്ക് വിധേയമാക്കിയത്. ബി.പി.എൽ. കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ 2008 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ കരട് ദാരിദ്ര്യരേഖാ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അർഹരായവർ വിട്ടുപോയിട്ടുണ്ടെങ്കിൽ ഉൾപ്പെടുത്തുന്നതിന് അവസരം നൽകുകയും ചെയ്തു. പഞ്ചായത്തുകൾ തയ്യാറാക്കിയ പട്ടികയിലെ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം വളരെ ഉയർന്നതായതിനാൽ ലിസ്റ്റ് അംഗീകരിക്കാൻ പറ്റാത്ത സാഹചര്യത്തിലാണ് 2009-ൽ വീണ്ടും സർവ്വേ നടത്തേണ്ടി വന്നത്. 1998-ൽ നടന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗ്രാമപ്രദേശങ്ങളിലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത് 36.56 ശതമാനം കുടുംബങ്ങളാണ്. ഇപ്പോൾ പ്രസിദ്ധീകരിച്ച ഗ്രാമപ്രദേശങ്ങളിലെ ലിസ്റ്റിൽ 43.38 ശതമാനം കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പുതിയ ലിസ്റ്റിൽ കഴിഞ്ഞ സർവ്വേ ലിസ്റ്റിനേക്കാൾ 6.82 ശതമാനം കുടുംബങ്ങൾ കൂടുതലായി ഉൾപ്പെട്ടിട്ടുണ്ട്. ഈ ലിസ്റ്റിൻമേൽ ഉണ്ടായേക്കാവുന്ന ആക്ഷേപങ്ങളും പരാതികളും പരിശോധിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ദരിദ്ര കുടംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബം

പിന്നീടുള്ള പരിശോധനയിൽ അനർഹനാണെന്ന് പരാതി ലഭിക്കുകയാണെങ്കിൽ അത്തരം കുടുംബങ്ങളെ കാരണം രേഖപ്പെടുത്തി ഒഴിവാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളേയും/നഗരസഭകളേയും അധികാരപ്പെടുത്തി ഉത്തരവായിട്ടുണ്ട്. അർഹതയുള്ളവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്ന പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷണം നടത്തി അവരെക്കൂടി ഉൾപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെ റേഷൻ കാർഡിൽ 'ബി.പി.എൽ' എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**5 (* 32) <u>മദ്രസാ അദ്ധ്യാപക ക്ഷേമനിധി</u>**

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിലെ എല്ലാ പെൻഷൻ പദ്ധതികളുടേയും മാതൃകയിൽ തന്നെയാണ് മദ്രസ ക്ഷേമനിധിയും രൂപീകരിച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ തമിഴ്നാട്ടിൽ നടപ്പാക്കിയിട്ടുള്ള മാതൃക പരിശോധിച്ച് സ്വീകാര്യമാണെങ്കിൽ കേരളത്തിൽ അത് നടപ്പിലാക്കുമെന്നും സഭയെ അറിയിച്ചു. കേരളത്തിലെ നല്ലൊരു ഭാഗം മദ്രസകളും കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ പാലിക്കാത്തവയായതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ഇവിടെ ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകണമെങ്കിൽ മദ്രസ കമ്മിറ്റിയുടെ സർട്ടിഫിക്കറ്റില്ലാതെ സ്വയം ഡിക്ലയർ ചെയ്ത് അംഗങ്ങളാകാമെന്നുള്ള വ്യവസ്ഥ ഏർപ്പെടുത്തിയതിന്റെയും ക്ഷേമനിധി വിഹിതം സർവ്വീസ് ബാങ്കിൽ അടയ്ക്കണമെന്ന വ്യവസ്ഥ മാറ്റി പോസ്റ്റോഫീസിൽ അടച്ചാൽ മതിയെന്ന തീരുമാനമെടുത്തതിന്റെയും

അടിസ്ഥാനത്തിൽ അംഗസംഖ്യ വർദ്ധിച്ചിട്ടുണ്ടെന്നും രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതി മദ്രസ അദ്ധ്യാപകർക്ക് കൂടി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെന്നും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 9 ജില്ലകളിലെ, പ്രത്യേകിച്ച് തീരദേശ മേഖലകളിലെ മുസ്ലീം ന്യൂനപക്ഷങ്ങളുടെ കുട്ടികൾ പഠിക്കുന്ന സ്ക്കൂളുകളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്താനുള്ള ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

6 (* 33) <u>**ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം**</u>

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, പോലീസ് വകുപ്പിൽ ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ട്രാഫിക് സുരക്ഷയുമായി ബന്ധപ്പെട്ട നിയമങ്ങൾ നടപ്പാക്കുന്നതിനും മെച്ചപ്പെട്ട ട്രാഫിക് സംവിധാനം ഉറപ്പാക്കുന്നതിനുമായി പോലീസ് ഇൻസ്പെക്ടർ ജനറൽ (ട്രാഫിക് ആന്റ് റോഡ് സേഫ്റ്റി മാനേജ്മെന്റ്) തസ്തിക സൃഷ്ടിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് റോഡ് സുരക്ഷാ പ്രവർത്തികൾ (കേരളാ റോഡ് സേഫ്റ്റി അതോറിറ്റി അനുവദിച്ച തുക വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ), പോലീസ് ആധുനികവൽക്കരണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നു. ട്രാഫിക് സേഫ്റ്റി വിംഗിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഉത്തര

മേഖലയിലും, ദക്ഷിണ മേഖലയിലും ഓരോ പോലീസ് സൂപ്രണ്ടിന്റെ (Non IPS) തസ്തിക അനുവദിച്ചിട്ടുണ്ട്. സർക്കാർ രൂപീകരിച്ച റോഡ് സേഫ്റ്റി അതോറിറ്റി പോലീസ് ഡിപ്പാർട്ട്മെന്റിന് അനുവദിച്ച 355 ലക്ഷം രൂപ വിനിയോഗിച്ച് സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, സ്പീഡ് റഡാറുകൾ, ആൽക്കോമീറ്ററുകൾ, റിഫ്ളക്ടീവ് ബാറ്റണുകൾ, റിഫ്ളക്ടീവ് ജാക്കറ്റുകൾ, സർച്ച് ലൈറ്റുകൾ, ട്രാഫിക് കോണുകൾ എന്നിവ വാങ്ങി എല്ലാ ജില്ലകളിലും വിതരണം ചെയ്യുകയും അവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. പോലീസ് ആധുനികവൽക്കരണ പദ്ധതി (MOPF) പ്രകാരം 2005-06 മുതൽ 2010-11 വരെ വിവിധ ട്രാഫിക് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി 4,56,86,429 രൂപ വിനിയോഗിച്ചിട്ടുണ്ട്. ട്രാഫിക് നിയന്ത്രണങ്ങൾക്കും ട്രാഫിക് കേസുകളുടെ അന്വേഷണങ്ങൾ നടത്തുന്നതിനുമായി സംസ്ഥാനത്ത് 9 ട്രാഫിക് പോലീസ് സ്റ്റേഷനുകളും 43 ട്രാഫിക് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നുണ്ട്. ട്രാഫിക് നിയന്ത്രണത്തിനായി 2414 പോലീസ് ഉദ്യോഗസ്ഥരെയും ഇവരെ സഹായിക്കുന്നതിനായി 1853 ഹോം ഗാർഡുകളെയും നിയോഗിച്ചിട്ടുണ്ട്. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ട്രാഫിക് പോലീസുദ്യോഗസ്ഥരുടെ എണ്ണത്തിലും ആനുപാതികമായ വർദ്ധനവ് ഉണ്ടാകേണ്ടതിനാൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിലേയ്ക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം പോലീസ് ആസ്ഥാനത്ത് ട്രാഫിക് ട്രൂപ്പേഴ്സ് എന്ന പേരിൽ ഒരു സ്പെഷ്യലിസ്റ്റ് ട്രാഫിക് എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുന്ന കാര്യവും പുതുതായി ട്രാഫിക് യൂണിറ്റുകൾ ആരംഭിക്കുന്നതിനും ട്രാഫിക്

യൂണിറ്റുകളിൽ തസ്തികകൾ വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രൊപ്പോസലുകളും പരിശോധിച്ചു വരുന്നു. ട്രാഫിക് നിയമങ്ങളുടെ ബോധവൽക്കരണം മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റും പോലീസ് വകുപ്പും ചേർന്ന് നടത്തുന്നുണ്ട്. ട്രാഫിക് സംവിധാനം ശാസ്ത്രീയമായി പരിഷ്ക്കരിക്കുന്നതിന് നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട് ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ ശ്രമിച്ചുവരികയാണ്. ട്രാഫിക് നിയമലംഘനം കണ്ടുപിടിക്കുന്നതിന് തിരുവനന്തപുരത്ത് 12-ഉം, കൊച്ചിയിൽ 15-ഉം, കോഴിക്കോട് 3-ഉം നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതോടൊപ്പം തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ 15 നിരീക്ഷണ ക്യാമറകൾ കൂടി സ്ഥാപിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം മറ്റ് നഗരങ്ങളിൽക്കൂടി വ്യാപിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സ്പീഡ് റഡാറുകൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, ആൽക്കോമീറ്ററുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവയും ഇതിനായി ഉപയോഗിച്ച് വരുന്നു. ട്രാഫിക് ലൈറ്റുകൾ, വേഗപരിധി ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നത് പൊതുമരാമത്ത് വകുപ്പായതിനാൽ അപകടമേഖലകളിൽ ഇത്തരത്തിലുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. റോഡപകടത്തിൽപ്പെട്ട ആളെ ആശുപത്രിയിലെത്തിച്ചു എന്ന കാരണത്താൽ സാക്ഷിയാക്കാൻ പാടില്ലെന്നുള്ള കർശന നിർദ്ദേശമടങ്ങുന്ന സർക്കുലർ ഡി.ജി.പി. പുറപ്പെടുവിച്ചിട്ടുണ്ട്. റോഡപകടങ്ങളിൽ പരിക്കേറ്റ ആളുകളെ ആശുപത്രിയിൽ എത്തിക്കാൻ വേണ്ടി വരുന്ന ചെലവ് പോലീസ് വകുപ്പ് വഹിക്കും. അതിനുവേണ്ടി പതിനൊന്ന് ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. പരിക്കേറ്റയാളെ ആശുപത്രിയിൽ

എത്തിക്കുന്ന ആളിന് 200 രൂപ നൽകും. കൂടുതൽ ചെലവായാൽ അതും നൽകാൻ നടപടി സ്വീകരിക്കും. വാഹനങ്ങളുടെ സഞ്ചാരത്തിന് തടസ്സമായി നിൽക്കുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമെന്നും ഹൈവേ സുരക്ഷയ്ക്ക് വേണ്ടി 42 ഹൈവേ പട്രോൾ പാർട്ടി പ്രവർത്തിക്കുന്നുണ്ടെന്നും ട്രാഫിക് നിയമങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനായി 51 ട്രാഫിക് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടെന്നും. ഡ്യൂട്ടി സമയത്ത് ട്രാഫിക് പോലീസ് ഉദ്യോഗസ്ഥർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 206 മുതൽ 444 വരെയുള്ള ചോദ്യങ്ങളിൽ 98 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)